പതിനാലാം കേരള നിയമസഭ

1-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2231 — 18.07.2016-ൽ മറുപടിക്ക്

## മാവേലിക്കര താലൂക്കിലെ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയുടെ വിശദാംശങ്ങൾ

ചോദ്യം — ഉത്തരം

ശ്രീ.ആർ. രാജേഷ് — ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലിക്കര താലൂക്കിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയുടെ വിശദാംശങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ; | (എ) | മാവേലിക്കര താലൂക്കിന്റെ പരിധിയിലുള്ള വില്ലേജുകളിൽ അന്തിമ ഡാറ്റാ ബാങ്ക് പൂർത്തിയായിട്ടില്ല. നിലവിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത മേഖലകളിൽ ആയത് 2016 ആഗസ്റ്റ് 31-ന് മുൻപ് പൂർത്തിയാക്കണമെന്ന് ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.06.2016-ന് കൂടിയ ഉന്നതതല യോഗത്തിൽ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ? | (ബി) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രാബല്യത്തിൽ വരുന്നതിന് മുൻപ് നികത്തപ്പെട്ട നിലങ്ങൾ ഒഴിച്ചുള്ളവ നിലവിൽ സ്ഥല പരിശോധന നടത്തി പ്രാദേശിക നിരീക്ഷണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ